കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുമാരപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.11-1038/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി. 15.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്ത്- 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ–എ.എൽ.പി–പി.11–1038/2019 തീയതി. 15.01.2020

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 04.10.2018 മുതൽ 31.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.09.2019 മുതൽ<br>03.10.2019 വരെ | ശ്രീമതി.എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.റോയ്. ടി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജാക്വിലിൻ .പി.ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ശ്രീദേവി.ആർ, ഓഡിറ്റർ (24.09.19 മുതൽ അവധിയിൽ) |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എസ്.സുരേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

2) <u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീ. രഘുലാൽ.വി | 01.04.2018 മുതൽ 31.03.2019 വരെ |

3) <u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.സിന്ധു മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ.സി.എസ്.രഞ്ജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.എൽ.തങ്കമ്മാൾ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീ.ഡി.സുഗേഷ് | 01.04.2018 മുതൽ 31.03.2019 വരെ |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ബെറ്റി വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈജ്ജ.സി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സവിത.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (കുമാരപുരം) | ശ്രീ.വിനോദ് കുമാർ. ആർ | 01.04.2018 മുതൽ 06.11.2018 വരെ |
| | ശ്രീ.അഭിലാഷ്.പി.ആർ | 07.11.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (താമല്ലാക്കൽ) | ശ്രീ.വിനോദ് കുമാർ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിജി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീനി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.അരുണാരാജ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 28.06.2018 FN വരെ |
| | ഡോ.ഷിബു.എസ്. | 28.6.2018 AN മുതൽ 19.12.2018 വരെ |
| | ഡോ.ദേവിശ്രീ | 20.12.2018 മുതൽ 21.02.2019 വരെ |
| | ഡോ. അരുണാരാജ് | 22.02.2019 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ (ഗവ.യുപി.എസ്. ) | 01.04.2018 മുതൽ 22.06.2018 വരെ ഒഴിവ് | |
| | ശ്രീമതി.ഗിരിജാ.എൻ മാധവാ | 23.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.വിജി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബാബുക്കുട്ടൻ നായർ | 01.04.2018 മുതൽ 19.04.2019 വരെ |
| | 20.04.2018 മുതൽ 19.06.2018 വരെ (ഒഴിവ് ) | |
| | ശ്രീമതി.സബിത എം. വി | 20.06.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.ശ്രീജ.എസ് | 01.04.2018 മുതൽ 06.06.2018 വരെ |
| | ശ്രീ.കൃഷ്ണകുമാർ ടി.ജെ | 07.06.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | വാർഷികകണക്കിലെ അപാകതകൾ |
| 12 | 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-13 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല |
| 14 | 1-14 | സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തത് |
| 15 | 1-15 | സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിലെ വീഴ്ച മൂലം 61.76 ലക്ഷം ലാപ്സായി |
| 16 | 1-16 | സ്പിൽ ഓവർ പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിൽ വീഴ്ച |
| 17 | 1-17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല |
| 18 | 1-18 | ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 19 | 1-19 | കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല |
| 20 | 1-20 | ആർജ്ജിതാവധി പണമാക്കൽ – തുക അധികം നല്കി |
| 21 | 1-21 | വെള്ളക്കരമിനത്തിൽ കൂടിയ തുക ഒടുക്കുന്നു |
| 22 | 1-22 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി – കരാറുകാരന് കൂടുതൽ തുക അനുവദിച്ചു |
| 23 | 1-23 | കന്നുകുട്ടി പരിപാലനം പദ്ധതി - തുക തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | മരുന്നുകൾ ലഭിച്ചിട്ടില്ല |
| 25 | 1-25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 26 | 1-26 | വർഷങ്ങൾ കഴിഞ്ഞിട്ടും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല |
| 27 | 1-27 | ഹരിതാഭം ജൈവപച്ചക്കറി – സബ്സിഡി തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല |
| 28 | 1-28 | പദ്ധതിനിർവ്വഹണം -ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| 29 | 1-29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| 31 | 3-1 | ആർജ്ജിതാവധി പണമാക്കൽ – തുക അധികം നൽകി |
| 32 | 3-2 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- കരാറുകാരന് അധികം തുക നൽകി |

| | | |
|---|---|---|
| 33 | 3-3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ |
| ഭാഗം – 4 | | |
| 34 | 4-1 മുതൽ 4-11 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 35 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 36 | അനുബന്ധം 2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 13451400 | 13359600 |
| വാർഷിക കണക്ക് പ്രകാരം | 90358596 | 90069838 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 10.06.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.11-643/19/24.06.2019 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9509496 |
| വരവ് | 90358596 |
| ആകെ | 99868092 |
| ചെലവ് | 90069838 |
| നീക്കിയിരിപ്പ് | 9798254 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16805334 | 16805334 | 14031194 | 2774140 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2255000 | 2255000 | 1967485 | 287515 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 218000 | 218000 | 218000 | 0 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 4957000 | 4957000 | 4903866 | 53134 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3337000 | 3337000 | 2975000 | 362000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7594000 | 7594000 | 4894692 | 2699308 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 147 | 182377923 | 68 | 71234812 | 46 | 33 | 46% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | -6103 | 3318547 | 3312444 | 3297619 | 14825 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 83365490 | | 83365490 | - |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 471600 | 261 |
| കർഷകതൊഴിലാളി പെൻഷൻ | 8394900 | 758 |
| വിധവാപെൻഷൻ | 10026700 | 871 |
| വാർദ്ധക്യകാലപെൻഷൻ | 12822100 | 284 |
| വികലാംഗപെൻഷൻ | 3346600 | 284 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9646000 | വിവരം ലഭ്യമായില്ല |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 1,241/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ കാര്യനിർവ്വഹണോദ്യോഗസ്ഥരുടേയും, വിവിധ കർമ്മസമിതികളുടേയും കൃത്യമായ ഏകോപനം, മേൽനോട്ടം എന്നിവയുടെ അഭാവം മൂലം പദ്ധതിവിഹിതമായി ലഭിച്ച 59.73 ലക്ഷം രൂപ വിനിയോഗിക്കാതെ ലാപ്സായി.
8. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
9. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
10. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
11. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
12. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
13. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ–എ.എൽ.പി–പി.11/643/19/24.06.19 പ്രകാരം പുറപ്പെടുവിച്ച സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ ആയവ ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2019 | 8/19 | 16.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.2018 | 2017-18 | 11.07.2018 |

## 1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒരു ചതുരശ്രമീറ്ററിന് 500/-രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ സ്ഥിതിചെയ്യുന്നതും ടവർ വിഷന് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ളതുമായ $9M^2$ തറവിസ്തീർണ്ണമുള്ള മൊബൈൽ ടവറിന്റെ 2013 മുതൽ നാളിതുവരെയുള്ള വസ്തുനികുതി 28377/- രൂപ ഈടാക്കിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22)ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത ടവർ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും, കുടിശ്ശിക തുക ഈടാക്കുന്നതിനായി R.R നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമായത്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തത്

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ, സ്ഥാപന നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈകോ ഡാണാപ്പടി | 2 |
| 2 | എസ്.എസ്.ഫിനാൻസ്, നാരകത്ര | 2 |
| 3 | എസ്.ബി.ഐ.ഡാണാപ്പടി | 2 |
| 4 | കുമാരപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2 |
| 5 | താമല്ലാക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1&2 |
| 6 | സ്പന്ദന സ്പൂർട്ടി ഫിനാൻഷ്യൽ ലിമിറ്റഡ് | 2 |
| 7 | എച്ച് ഡി.എഫ്.സി.ബാങ്ക്M/Sഇൻഡി ട്രേഡ് മൈക്രോഫിനാൻസ് | 2 |

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിലെ വീഴ്ച മൂലം 61.76 ലക്ഷം ലാപ്സായി

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും വിവിധ ഗ്രാന്റിനങ്ങളിൽ തൻവർഷം ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 61.76 ലക്ഷം രൂപ പാഴായി. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും പഞ്ചായത്ത് അധികൃതർ വരുത്തിയ വീഴ്ച മൂലമാണ് ഇപ്രകാരം സർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് ലാപ്സാകാനിടയായത്. പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 2774140 |
| വികസന ഫണ്ട് എസ്.സി.പി. | 287515 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 53134 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 362000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2699308 |
| **ആകെ** | **6176097** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ ലാപ്സാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. തൻവർഷം ആകെ 147 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 33 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് ലഭ്യമാകാതെ വരുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 സ്പിൽ ഓവർ പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിൽ വീഴ്ച

2017-18 വർഷത്തിൽ അംഗീകരിച്ചിട്ടുള്ളതും 2018-19 - ൽ സ്പിൽ ഓവർ ആയിട്ടുള്ളതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2018-19 ലും പൂർത്തീകരിച്ചിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ |
|---|---|---|
| 1. | 127/18-19, കാർഷികബണ്ട് | 70836 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 2. | 130/18-19, പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി | 32252(വികസനഫണ്ട്(എസ്.സി.പി.) |
| 3. | 137/18-19, സി.ബി.സി.വാര്യർ സ്മാരകസംസ്കാരിക നിലയ നിർമ്മാണം | 384981(വികസനഫണ്ട്) |

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് ക്രമനം.1,2 ലെ പണി നടന്നു വരികയാണെന്നും ക്രമ നം. 3 ലെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്യൂ ബിൽ ആയതിനാൽ 2019-20-ൽ പ്രസ്തുത പ്രോജക്ടിനുള്ള തുക ചെലവഴിച്ചെന്നുമാണ് മറുപടി നൽകിയത്. ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയിട്ടില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള 5 രൂപയിൽ കൂടിയ തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന് വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ളതും ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്തതുമായ എല്ലാത്തരം നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയും പ്രകാരം കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു.

I . സപ്ലൈയേഴ്സ് ഇ.എം.ഡി.

1. 2004-2005 - 10,631

2. 2005-2006 - 42,886

3. 2012-2013 - 7,500

4. 2013-2014 - 4,100

5. 2014-2015 - 8,430

6. 2015-2016 - 2,500

II. കോൺട്രാക്ടേഴ്സ് ഇ.എം.ഡി.

1. 2007-2008 - 298

2. 2008-2009 - 1,650

3. 2014-2015 - 7,500

III. സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

1. 2010-2011 - 2,280

ടി നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറി (നം.15/30.09.19) മുഖേന ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-18 ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 26,916/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/24/9/19) പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. പ്രസ്തുത തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KCWWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ തൻവർഷം 70126/- രൂപ, ഈയിനത്തിൽ വെൽഫയർ ബോർഡിൽ ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ആർജ്ജിതാവധി പണമാക്കൽ – തുക അധികം നല്കി

4/18 ലെ തനത്ഫണ്ട് വൗച്ചർ (വൌച്ചർ നം .21800013 / 3.4.18) പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ പാർട്ടൈം സ്വീപ്പർ ശ്രീമതി. സുശീല, ലൈബ്രേറിയൻ ശ്രീ. വിജയൻ എന്നീ ജീവനക്കാരുടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് യഥാക്രമം 12152, 14615 എന്നിങ്ങനെ ആകെ 26767/- രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ സറണ്ടർ അനുമതി ദിവസം ഇവരുടെ ക്രെഡിറ്റിൽ അത്രയും ആർജ്ജിതാവധി ഇല്ല എന്ന് കാണുന്നു. മാത്രമല്ല സേവനപുസ്തകത്തിൽ സറണ്ടർ ഇനത്തിൽ ലീവ് അക്കൌണ്ടിൽ കുറവു വരുത്തിയിട്ടുള്ളത് 15 ആർജ്ജിതാവധി മാത്രമാണ്. ഇപ്രകാരം യഥാക്രമം 6076, 7307 എന്നിങ്ങനെ ആകെ 13383/-രൂപ അവധി വേതനമായി അധികം നൽകിയിട്ടുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/30.09.19) മറുപടി ഹാജരാക്കിയില്ല. അതിനാൽ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് അർഹതപ്പെട്ട ആർജ്ജിതാവധി കണ്ടെത്തി, ആവശ്യമായ മാറ്റങ്ങൾ വരുത്തി അതിൽ നിന്നും അധികം നല്കിയ തുകയായ (6076/-+7307/- രൂപ) 13383/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വെള്ളക്കരമിനത്തിൽ കൂടിയ തുക ഒടുക്കുന്നു

പൊതുടാപ്പുകളുടെ വെള്ളക്കരമായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 217000/- രൂപ ഓരോമാസവും ഒടുക്കിവരുന്നുണ്ട്. വർഷം 5250/- രൂപ പ്രകാരം വരുന്ന 496 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജിന്റെ മാസവിഹിതമാണ് ഇപ്രകാരം അടയ്ക്കുന്നത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറ്റിയുമായി ചേർന്ന് സ്ഥാപനം സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതു സംബന്ധിച്ച വിവരം ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30.09.19) മറുപടി ലഭിച്ചില്ല. പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പ് ഡിസ്കണക്ട് ചെയ്യാൻ തുക അടവാക്കിയിട്ടുണ്ടോ എന്നും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ഓരോ വർഷവും ഗ്രാമപഞ്ചായത്ത് ഗാർഹിക വാട്ടർ കണക്ഷൻ നല്കുന്നതിനാൽ ഉപയോഗക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കൃത്യമാക്കി കണക്കാക്കേണ്ടതും ഇതിനനുസൃതമായി മാത്രം വെള്ളക്കരം ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 തെരുവ് വിളക്ക് അറ്റകുറ്റപ്പണി – കരാറുകാരന് കൂടുതൽ തുക അനുവദിച്ചു

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് കരാറെടുത്ത കോൺട്രാക്ടർ ശ്രീ.അഹമ്മദുൾ കബീറിന് 577 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ബിൽ നം-70/2018-19/23.3.2019 പ്രകാരം 75000/- രൂപ (577x130) നൽകിയിട്ടുണ്ട്. കോൺട്രാക്ടർ നൽകിയ റിപ്പോർട്ട്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പരിശോധിച്ചതിൽ, ടിയാൻ 563 എണ്ണം തെരുവ് വിളക്കുകളിൽ മാത്രമാണ് തൻവർഷം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. ഇതനുസരിച്ച് ടിയാന് 73190/- രൂപയാണ് (563x130) നൽകാവുന്നത്. അധികം നൽകിയ 1810/- രൂപ കരാറുകാരനിൽ നിന്നും തിരികെ

ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 1-23 കന്നുകുട്ടി പരിപാലനം പദ്ധതി - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - S0017/19

അടങ്കൽ - 281250/- (വികസനഫണ്ട്)

281250/- (സംസ്ഥാനാവിഷ്കൃത പരിപാടി)

562500/- (ഗുണഭോക്തൃ വിഹിതം)

ബിൽ നം. 2/18-19, 13.12.18 – തുക 281250/-

വെറ്ററിനറി സർജ്ജൻ നിർവ്വഹണം ചെയ്ത കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2,81,250/- രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിന്റെയും നിലവിലെ അവസ്ഥയും അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/30.09.19) മറുപടി ഹാജരാക്കിയില്ല. പദ്ധതിയുടെ തുടർനടപടിയുടെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,81,250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-24 മരുന്നുകൾ ലഭിച്ചിട്ടില്ല

എ) ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.S0004/19) മരുന്ന് വാങ്ങുന്നതിനായി 2,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 1/18-19, തീയതി 24.11.18). എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം അറിയിക്കാനാവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മരുന്നുകൾ ലഭ്യമായിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

ബി) മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റീവ് പരിചരണം, NCD (Non communicable diseases) മരുന്ന് വാങ്ങൽ എന്നീ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ, തുക, തീയതി | ലഭ്യമാക്കാനുള്ള മരുന്ന്(ഇൻവോയിസ് നം./തീയതി/തുക | ലഭ്യമായത്(ഇൻവോയിസ് നം./തീയതി/തുക) | ബാക്കി |
|---|---|---|---|---|
| 0009/19പാലിയേറ്റീവ് പരിചരണം | 14/18-19, 24,856/-26.03.19 | PRF5455/19.03.19 4,856/- PRF4844/27.02.19/ 20,000/- | ഇല്ല | 24,856/- |
| S0029/19 NCD മരുന്ന് വാങ്ങൽ | 8/18-19, 2,50,000/-17.12.18 | | (1)5017/09.08.19 തുക-1,01,152/- (2)5018/09.08.19 തുക-80,513/- (3)746/09.08.19 | 36,483/- |

| | | | | |
|---|---|---|---|---|
| | | | തുക-31,852/- | |
| | 12/18-19, 2,00,000/-22.03.19 | | 5093/14.08.19 തുക-88,476/- | 1,11,524/- |
| ആകെ | | | | 1,72,863/- |

മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ഈ ഇനത്തിലെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം താഴെപറയുന്ന നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ 8,31,466/- രൂപ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | ഡിപ്പോസിറ്റ് തുക | ബിൽ നം. |
|---|---|---|---|
| 1. | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - (പ്രോജക്ട് നം. 25/19) | 100000/- | 67/2018-19 dt.23.3.19 |
| 2 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 27/19) | 384725/- | 56/2018-19 dt.26.2.19 – Rs-340204<br>73/2018-19 dt.25.3.19 – Rs-44521 |
| 3. | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ വാർഡ് 5,13 (പ്രോജക്ട് നം. 115/19) | 23300/- | 36/18-19 dt.21.11.18 |
| 4. | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ വാർഡ് 6,12 (പ്രോജക്ട് നം. 85/19) | 33000/- | 35/18-19 dt.21.11.18 |
| 5. | പോസ്റ്റ് മാറ്റിയിടൽ (പ്രോജക്ട് നം – 88/19) | 158695/- | 24/2018-19 dt.23.2.19 – Rs-127591<br>71/2018-19 dt.25.3.19 – Rs-31104 |
| 6. | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് വൈദ്യുതി കണക്ഷൻ (പ്രോജക്ട് നം- 36/19) | 131746/- | 30/18-19 dt.31.10.18. |
| | ആകെ തുക | 831466/- | |

ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി/വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സമയം കഴിഞ്ഞെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായി നിക്ഷേപിച്ചിട്ടുള്ള 831466/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട

സ്ഥാപനങ്ങളിൽ നിന്നും പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-26 വർഷങ്ങൾ കഴിഞ്ഞിട്ടും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല

ക്ലീൻകേരള കമ്പനിയിൽ നിന്നും പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ച് 15 വാർഡുകളിലെയും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന ഷ്രഡിംഗ് യൂണിറ്റിൽ എത്തിച്ച് ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൾ ക്ലീൻകേരള കമ്പനി മുഖേന റോഡ് ടാറിംഗിന് വേണ്ടി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ 2017-18ൽ ആരംഭിച്ച പദ്ധതിയാണിത്. ഗ്രാമപഞ്ചായത്തും ക്ലീൻ കേരള കമ്പനിയുമായി ചമച്ച 54/2017-18/ 15.3.2018 നമ്പർ കരാർ പ്രകാരം മുൻവർഷം വികസനഫണ്ടിൽ നിന്നും 9,17,343/- രൂപ പിൻവലിച്ച് ക്ലീൻകേരള കമ്പനിക്ക് നല്കുകയുണ്ടായി. പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനായി തൻവർഷവും താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം 530535/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്-- ക്ലീൻകേരളയ്ക്ക് ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ ചാർജ് (109/19) | 65600/- |
| 2 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് വയറിംഗ് (38/19) | 175314/- |
| 3 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ (36/19) | 131746/- |
| 4 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന സ്ഥലത്തേയ്ക്ക് റോഡിന് സ്ഥലം വാങ്ങൽ (114/19) | 150000/- |
| 5 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് ബോർവെൽ (153/19) | 7875/- |
| | ആകെ | 530535/- |

പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും മെഷീൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും യൂണിറ്റ് നാളിതുവരെ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. ക്ലീൻ കേരള കമ്പനിയും പഞ്ചായത്തും തമ്മിൽ ഒപ്പുവെച്ച കരാർ അനുസരിച്ച് ഇൻവോയ്സ് തീയതിയായ 13.3.2018 മുതൽ ഒരു വർഷം വരെയാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ വാറന്റി കാലാവധി. വാറന്റി കാലാവധി കഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. ഹരിത കർമ്മ സേനകൾ മുഖേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുന്നതിനാവശ്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പൂർത്തിയാകാത്ത തിനാലാണ് പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് പ്രാവർത്തികമാക്കുവാൻ കാലതാമസം ഉണ്ടാകുന്നതെന്നാണ് സെക്രട്ടറി രേഖാമൂലം മറുപടി നൽകിയത്. യൂണിറ്റ് പ്രാവർത്തികമാകും വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

ഷ്രെഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിച്ച സമയത്ത് തന്നെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുന്നതിനുള്ള കെട്ടിടവും നിർമ്മിക്കേണ്ടതായിരുന്നു. മെഷീൻ സ്ഥാപിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത് പദ്ധതി ആസൂത്രണ, നിർവ്വഹണത്തിലെ പോരായ്മയാണ് വെളിവാക്കുന്നത്. അടിയന്തിരമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-27 ഹരിതാഭം ജൈവപച്ചക്കറി – സബ്സിഡി തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല

ഹരിതാഭം – ജൈവപച്ചക്കറി (പ്രോജക്ട് നം. 37/2019) എന്ന പദ്ധതി പ്രകാരം പച്ചക്കറി കൃഷി നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി 60800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ, ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് ഇല്ലാത്ത ഗ്രൂപ്പുകൾക്ക് സബ്സിഡി തുക നേരിട്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാത്തതിനാൽ, അവർക്ക് അക്കൗണ്ടുള്ള സർവ്വീസ് സഹകരണ ബാങ്കുകളുടെ അക്കൗണ്ടുകളിലേയ്ക്കാണ് തുക ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർവ്വീസ് സഹകരണ സംഘങ്ങൾ ടി തുക ഗ്രൂപ്പുകൾക്ക് യഥാസമയം നൽകുന്നില്ല. ഉദാഹരണത്തിന് കുമാരപുരം SCB 1449ൽ അക്കൗണ്ടുള്ള 4 ഗ്രൂപ്പുകളുടെ സബ്സിഡി തുകയായ 16864/- രൂപയും കുമാരപുരം SCB 2147ൽ അക്കൗണ്ടുള്ള 5 ഗ്രൂപ്പുകളുടെ സബ്സിഡി തുകയായ 15980/- രൂപയും ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലായിട്ടാണ്. 12.06.2019-ൽ കൃഷി ഓഫീസർ കത്ത് നൽകിയതിന് ശേഷമാണ് ഇപ്രകാരം തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുള്ളത്. സബ്സിഡി തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-28 പദ്ധതിനിർവ്വഹണം -ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് സാധൂകരിക്കുന്ന രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകി എങ്കിലും അവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തന്മൂലം പ്രസ്തുത പദ്ധതികൾക്കു കീഴിലെ ചെലവിന്റെ സാധുതയും കൃത്യതയും നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം./ പേര് | ചെലവ് തുക | ബിൽ നം. | തുക നൽകിയത് | ചെലവിന്റെ വിശദാംശം | തടസ്സകാരണം |
|---|---|---|---|---|---|---|---|
| 1 | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 86/18-19 എസ്.എസ്.എ വിഹിതം നൽകൽ | 6,00,000 | 1/18-19/17.10.2018 | ജില്ലാ പ്രോജക്ട് ഓഫീസർ | എസ്.എസ്.എ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം നൽകിയത് | തുകയുടെ വിനിയോഗ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമായില്ല |
| | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 82/18-19 മുന്നേറ്റം | 50,000 | - | - | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ച് അവരുടെ പഠനനിലവാരം ഉയർത്തുന്നതിന് ചെലവഴിച്ചത് | തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമായില്ല |
| | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 75/18-19 തായ്ക്കോണ്ട പരിശീലനം | 50,000 | 5/18-19/13.05.2018 | - | എരിക്കാവ്, താമല്ലാക്കൽ എന്നീ ഗവ.യു.പി. സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് തായ്ക്കോണ്ട പരിശീലനം ലഭ്യമാക്കുന്നതിന് വിനിയോഗിച്ചത് | തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമായില്ല |
| | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 73/18-19 പട്ടികജാതി വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ് നൽകൽ | 3,00,000 | 7/18-19 മുതൽ 11/18-19 വരെ /27.03.2019 | M/s ആൽഫാനെറ്റ് ചേർത്തല | 10 ലാപ്ടോപ്പു കളുടെ വില നൽകിയത് | ഫയലിനൊപ്പം ആകെ 8 വിദ്യാർത്ഥികളുടെ പേരുവിവരം മാത്രമാണുള്ളത്. ഇവരുടെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | അപേക്ഷകൾ, അർഹത വ്യക്തമാക്കുന്ന രേഖകൾ, ലാപ്ടോപ്പുകളുടെ വിതരണ വിവരം, കൈപ്പറ്റുവിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല |
